**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **08-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ ട്രാക്ടർ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ആവശ്യത്തിനുള്ള സാധനങ്ങൾ ആളുകൾ തലച്ചുമടായി കൊണ്ടുപോകുന്ന സാഹചര്യത്തിൽ കുട്ടനാട്ടിൽ കൃഷിയുടെ സുഗമമായ നടത്തിപ്പിനും കാർഷികമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും എല്ലാ പാടശേഖരങ്ങളുടെയും പുറം ബണ്ടുകളിൽക്കൂടി ട്രാക്ടർ റോഡു നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാടശേഖരങ്ങളിൽ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് എല്ലാ പാടശേഖരങ്ങളുടേയും പുറംബണ്ടിലൂടെ ട്രാക്ടർ റോഡ് നിർമ്മിക്കേണ്ട ആവശ്യം ഇല്ല. പാടശേഖരത്തിലൂടെ റോഡുകൾ പണിയുന്നത് സുഗമമായ ജലനിർഗ്ഗമനത്തിനേയും , ജലസേചനത്തേയും ബാധിക്കുകയും നെൽകൃഷി നശിച്ചുപോവാനും സാധ്യത ഉണ്ട്. |
| (ബി) | കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറം ബണ്ടുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ഇത്തരം ട്രാക്ടർ റോഡുകൾ കൂടുതൽ ഫലപ്രദമാണെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | പാടശേഖരങ്ങളിൽ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് എല്ലാ പാടശേഖരങ്ങളുടേയും പുറംബണ്ടിലൂടെ ട്രാക്ടർ റോഡ് നിർമ്മിക്കേണ്ട ആവശ്യം ഇല്ല. പാടശേഖരത്തിലൂടെ റോഡുകൾ പണിയുന്നത് സുഗമമായ ജലനിർഗ്ഗമനത്തിനേയും , ജലസേചനത്തേയും ബാധിക്കുകയും നെൽകൃഷി നശിച്ചുപോവാനും സാധ്യത ഉണ്ട്. |

സെക്ഷൻ ഓഫീസർ